## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
നിയമസഭാ ചോദ്യം നം. *469

27-06-2019 ൽ മറുപടിയ്ക്ക്

## അഗ്നിശമന സേനയുടെ ഫയർ ആഡിറ്റിംഗ്

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ.എം.വിൻസെന്റ്<br>ശ്രീ.കെ.എസ്.ശബരീനാഥൻ<br>ശ്രീ.വി.എസ്.ശിവകുമാർ | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) തലസ്ഥാന നഗരിയിൽ അടിക്കടി ഉണ്ടാകുന്ന അഗ്നിബാധ ഗൗരവമായി എടുത്തിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | എ) | ഉണ്ട്. തലസ്ഥാന നഗരിയിൽ അടുത്തയിടെ ഉണ്ടായ അഗ്നിബാധകളുടെ പശ്ചാത്തലത്തിൽ അഗ്നിപ്രതിരോധ നടപടികൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി വ്യാപാര വ്യവസായ സ്ഥാപനങ്ങളിലും, ബഹുനില കെട്ടിടങ്ങളിലും, ഷോപ്പിംഗ് മാൾ, തീയറ്റർ എന്നിവിടങ്ങളിലും ഫയർ ആഡിറ്റ് നടത്തി വരുന്നു. അഗ്നിശമന സംവിധാനങ്ങൾ ഒരുക്കാത്ത സ്ഥാപനങ്ങൾക്കെതിരെ ഉടമകൾക്ക് നോട്ടീസ് നൽകിയിട്ടുണ്ട്. പൊതുവേ ആവശ്യമായ സുരക്ഷാ നിയമങ്ങളും ചട്ടങ്ങളും പാലിക്കുന്നതിൽ വ്യാപാര സ്ഥാപനങ്ങളും കെട്ടിട ഉടമകളും വിമുഖത കാണിക്കുന്നുണ്ട്. നോട്ടീസ് നൽകിയിട്ടും അഗ്നിശമന സംവിധാനങ്ങൾ ഒരുക്കാത്ത സ്ഥാപന ഉടമകൾക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുന്നതിനായി ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയ്ക്കും കത്ത് നൽകിയിട്ടുണ്ട്. അതോടൊപ്പം ബഹുനില കെട്ടിടങ്ങളിലും വ്യാപാര സ്ഥാപനങ്ങളിലും താമസിക്കുന്നതും ജോലി ചെയ്യുന്നവരുമായ ആളുകൾക്ക് അഗ്നിശമന ഉപകരണങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള പരിശീലന പരിപാടി എല്ലാ ജില്ലകളിലും വകുപ്പിന്റെ നേതൃത്വത്തിൽ നൽകിവരുന്നു. |

ബി) തിരുവനന്തപുരത്തെ അഗ്നിശമന സേനാവിഭാഗം അടുത്തിടെ ഫയർ ആഡിറ്റിംഗ് നടത്തിയിരുന്നോ; പ്രസ്തുത ആഡിറ്റിംഗിൽ കണ്ടെത്തിയ വസ്തുതകൾ എന്തൊക്കെയാണെന്നറിയിക്കാമോ;

ബി) നടത്തിയിരുന്നു. ഇപ്പോഴും അത് തുടരുന്നു. വ്യാപാര സ്ഥാപനങ്ങളിലും കെട്ടിടങ്ങളിലും ഗോഡൗണുകളിലും അഗ്നിബാധ തടയുന്നതിന് വകുപ്പിലെ ഉദ്യോഗസ്ഥർ നടത്തിയ ഫയർ ആഡിറ്റിംഗിൽ വിവിധ കെട്ടിടങ്ങളിൽ അഗ്നിശമന സംവിധാനങ്ങൾ പ്രവർത്തനക്ഷമമല്ലാതിരിക്കുക, ഓപ്പൺ ടെറസ്സുകൾ കെട്ടിയടച്ച നിലയിലായിരിക്കുക, അടിയന്തിര രക്ഷാ മാർഗ്ഗങ്ങളായ സ്റ്റെയർ കേസുകൾ പൂട്ടിയിട്ടിരിക്കുക, സ്റ്റെയർ കേസിലേയ്ക്കുള്ള വഴികളും സ്റ്റെയർ കേസുകളും വിവിധ വസ്തുക്കൾ കൊണ്ട് തടസ്സപ്പെടുത്തിയിരിക്കുക, അനധികൃതമായ കൂട്ടിച്ചേർക്കലുകൾ കെട്ടിടത്തിൽ വരുത്തുക, കൈവശഗണം വ്യത്യാസപ്പെടുത്തുക, പെട്ടെന്ന് തീ പിടിക്കാൻ സാദ്ധ്യതയുള്ള പാഴ് വസ്തുക്കൾ കൂട്ടിയിട്ടിരിക്കുക, രക്ഷാ പ്രവർത്തന വേളകളിൽ അഗ്നിശമന വാഹനങ്ങൾക്ക് കടന്നു ചെല്ലുന്നതിനായുള്ള വഴികളിൽ അനധികൃത നിർമ്മാണം നടത്തുക തുടങ്ങിയ അപാകതകൾ കണ്ടെത്തുകയുണ്ടായി. ചില കച്ചവട സ്ഥാപനങ്ങളിലും കെട്ടിടങ്ങളിലും ഇലക്ട്രിക്കൽ വയറിംഗ് സംവിധാനം പഴയ രീതിയിലാണ്. ഇതും അപകടത്തിന് കാരണമാകുന്നുണ്ട്. ചില കെട്ടിടങ്ങളിൽ അഗ്നി പ്രതിരോധ സംവിധാനങ്ങൾ പലതും അറ്റകുറ്റപ്പണി നടത്താത്തതിനാൽ പ്രവർത്തന രഹിതമാണ്.

സി) ഇതിന്റെ അടിസ്ഥാനത്തിൽ സുരക്ഷാമാനദണ്ഡങ്ങൾ ഒരുക്കണമെന്ന നിർദ്ദേശം സ്ഥാപന ഉടമകൾക്ക് നൽകിയിട്ടും അവ പ്രാവർത്തികമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അവർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ;

സി) മതിയായ സുരക്ഷാ സംവിധാനങ്ങൾ ഒരുക്കണമെന്ന കർശന നിർദ്ദേശം നൽകിയിട്ടും ചില ഉടമകൾ അത് പ്രാവർത്തികമാക്കിയിട്ടില്ല. ഇവർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുന്നതിനായി ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും ജില്ലാ ദുരന്ത നിവാരണ അതോറിറ്റിക്കും കത്ത് നൽകിയിട്ടുണ്ട്.

ഡി) ഫയർ ആഡിറ്റിംഗിൽ കണ്ടെത്തിയ വീഴ്ചകൾ പരിഹരിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഡി) സ്വീകരിച്ചുവരുന്നു. ഫയർ ഓഡിറ്റിംഗിൽ കണ്ടെത്തിയ വീഴ്ചകൾ പരിഹരിക്കുന്നതിന് നിർദ്ദേശിച്ച് നോട്ടീസ് നൽകിയിട്ടും അവ പ്രവർത്തന ക്ഷമമാക്കിയിട്ടില്ലാത്ത കെട്ടിടങ്ങൾക്കെതിരെ നടപടി സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയ്ക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ